(ബി) രാഷ്ട്രീയ പാർട്ടികളിൽ നിന്നും ധനകാര്യ വകുപ്പിൽ ലഭിച്ചിരുന്ന മെമ്മോറാണ്ടം ധനകാര്യ കമ്മീഷന് കൈമാറിയിട്ടുണ്ട്.

(സി) മെമ്മോറാണ്ടം കമ്മീഷനുള്ളതാകയാൽ, സർക്കാർ ഉള്ളടക്കം പരിശോധിച്ചിട്ടില്ല.

(ഡി) നിർദ്ദേശങ്ങൾ സംബന്ധിച്ച് കമ്മീഷൻ പ്രതികരണം റിപ്പോർട്ട് വന്നശേഷമേ അറിയുവാൻ കഴിയൂ.

പദ്ധതി മുതൽമുടക്കിന്റെ കാര്യത്തിൽ സംസ്ഥാനത്തോടുള്ള അവഗണന

14 (725)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി മുതൽമുടക്കിലും വൈദ്യുതി റെയിൽവെ വികസനത്തിലും കേരളം അവഗണിക്കപ്പെടുന്നുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം കേന്ദ്രത്തിലെ 11-ാം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പോരായ്മ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ടായി.

(സി) സംസ്ഥാനത്തിന്റെ പദ്ധതി ചെലവിൽ കേന്ദ്ര വിഹിതത്തിലുണ്ടാകുന്ന ആനുപാതികമായ കുറവും സംസ്ഥാനത്ത് കേന്ദ്രത്തിന്റെ നേരിട്ടുള്ള നിക്ഷേപ കുറവുമാണ് സംസ്ഥാനത്ത് വികസന രംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധിയുടെ മുഖ്യകാരണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നടത്തുന്ന നിക്ഷേപത്തിലെ കുറവും കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി) സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്ര സഹായം വർദ്ധിപ്പിക്കണമെന്നും ഊർജ്ജം, ഗതാഗതം തുടങ്ങിയ വികസന മേഖലകളിൽ കേന്ദ്ര നിക്ഷേപം കൂട്ടണമെന്നും കേന്ദ്ര സർക്കാരിനോടും ആസൂത്രണ കമ്മീഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

വൈദ്യുതി ഉല്പാദന രംഗത്ത് കേന്ദ്ര സർക്കാർ തുടർന്നു വരുന്ന നയങ്ങൾ, വിഭവ ദാരിദ്ര്യമനുഭവിക്കുന്നതും സാമ്പത്തിക ശേഷി കുറഞ്ഞതുമായ കേരളം പോലുള്ള സംസ്ഥാനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും വൈദ്യുതി ലഭ്യതയുടെ കാര്യത്തിലും ഉത്പാദന ചെലവിന്റെ കാര്യത്തിലും സംസ്ഥാനങ്ങൾ തമ്മിലും വ്യത്യസ്ത മേഖലകൾ തമ്മിലും വലിയ അന്തരങ്ങൾ നിലനിൽക്കുന്നുണ്ടെന്നുള്ള വസ്തുത ആസൂത്രണ കമ്മീഷന്റെ മുൻപിലും കേന്ദ്ര സർക്കാരിന്റെ മുൻപിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സമതുലിതവും ലാഭകരവുമായ ഒരു വൈദ്യുതി വിതരണ സമ്പ്രദായത്തിനായി എൽ.ടി.

LIBRARY ARCHIVES Kerala Legislative Assembly

പി.സി., എൻ.എച്ച്.പി.സി. തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാർ പ്രോത്സാഹനം നൽകുകയും അവയിൽ പങ്കാളികളാവുകയും ചെയ്യണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. കൂടാതെ, കാവേരി നദീജലമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ ആലോചിക്കുന്നതായി മനസ്സിലാക്കിയതിനെത്തുടർന്ന് ഈ പദ്ധതിയിൽ നിന്ന് കേരളത്തിനർഹമായ വിഹിതം ലഭ്യമാക്കണമെന്ന് 1999 ഫെബ്രുവരിയിൽ നടന്ന ദേശീയ വികസന സമിതിയുടെ യോഗത്തിൽ പങ്കെടുത്തുകൊണ്ട് മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തെ റെയിൽവേയുടെ വികസനത്തിന് മുൻതൂക്കം നൽകണമെന്നും പുതിയ പാതകൾ നിർമ്മിക്കുന്നതിനു പുറമെ നിർദ്ദിഷ്ട പാതയിരട്ടിപ്പിക്കൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്.

ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ

15 (726)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ എത്ര ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സസ്പെന്റ് ചെയ്ത് 6 മാസത്തിനുള്ളിൽ തിരിച്ചെടുത്ത ഐ.എ.എസ്./ഐ.പി.എസ്. ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ വിവരം നൽകുമോ;

(ഡി) 6 മാസത്തിനും ഒരു വർഷത്തിനുമിടയിൽ തിരിച്ചെടുത്തവരുടെ വിശദവിവരം നൽകുമോ;

(ഇ) 2 വർഷം ആയിട്ടും തിരിച്ചെടുക്കാത്തവരുടെ വിവരം ഇനം തിരിച്ച് നൽകുമോ;

(എഫ്) 3 വർഷത്തിനുശേഷവും തിരിച്ചെടുക്കാതെ അവശേഷിക്കുന്നവരുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ജി) സസ്പെൻഷൻ റിവ്യൂ ചെയ്യാൻ ഇന്നുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) രണ്ടുവർഷത്തിനുശേഷവും സസ്പെൻഷനിൽ തുടരുന്നവരുടെ കേസുകൾ അവസാനമായി റിവ്യൂ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഐ) 2 വർഷത്തിനുശേഷവും സസ്പെൻഷൻ പിൻവലിക്കാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 9 അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 286 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരേയും 356 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരേയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly